

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 1 - 962/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/12/2024
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ്

പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ആലപ്പുഴ.

3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി/പി 1 - 962/2024

തീയ്യതി: 24/12/2024

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 16-08-2023 മുതൽ 30-09-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട്

കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ലിജിലാൽ ബി.	ഡെപ്യൂട്ടി ഡയറക്ടർ	07-10-2024	17-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
07-10-2024	17-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.എൻ. വിജയകുമാർ., ഓഡിറ്റ് ഓഫീസർ
ശ്രീ.റോയ് റ്റി.എം., അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാക്വിലിൻ പി.ഡബ്ല്യു., അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സിജിജോൺ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ .സുധീഷ് റ്റി എസ്	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.എ.ആർശാന്തകുമാർ	സെക്രട്ടറി	01-04-2023	23-04-2023
ശ്രീമതി. ജയശ്രീ.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	24-04-2023	07-05-2023
ശ്രീ.എ.ആർശാന്തകുമാർ	സെക്രട്ടറി	08-05-2023	16-05-2023
ശ്രീമതി. ജയശ്രീ.എം	സെക്രട്ടറി-ഇൻ-ചാർജ്ജ്	17-05-2023	09-06-2023

ശ്രീ.എ.ആർശാന്തകുമാർ	സെക്രട്ടറി	10-06-2023	14-07-2023
ശ്രീ. സന്തോഷ്. ജെ.	സെക്രട്ടറി	15-07-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	ത (
ശ്രീമതി. പ്രസീജ ആർ	അസിസ്റ്റന്റ് എൻജിനീയർ	01-04-2023	
ശ്രീമതി. ഗാഥ വേണുഗോപാൽ	അസിസ്റ്റന്റ് എൻജിനീയർ	10-07-2023	
ശ്രീമതി .ആശ നായർ	കൃഷി ഓഫീസർ	01-04-2023	
ശ്രീമതി. അശ്വതി വിശ്വനാഥൻ	കൃഷി ഓഫീസർ	30-11-2023	
ഡോ.ഹേന കൃഷ്ണൻ	വെറ്ററിനറി സർജൻ	01-04-2023	
ഡോ.വിനിത .ടി.വി	മെഡിക്കൽ ഓഫീസർ (എഫ്. എച്ച് സി)	01-04-2023	
ഡോ.സുഫൈറ കെ.	മെഡിക്കൽ ഓഫീസർ (എഫ്. എച്ച്.സി.)	01-05-2023	
ഡോ.ഡാൽമിറ്റ നിയ ജയിംസ്	മെഡിക്കൽ ഓഫീസർ (എഫ്. എച്ച്.സി.)	01-09-2023	
ഡോ.ശ്രീദേവി	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	
ഡോ.മനുമോഹൻ.എസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	
ഡോ.ആര്യ കൃഷ്ണൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	20-08-2023	
ഡോ.ലിന്റ സാമുവൽ പി	മെഡിക്കൽ ഓഫീസർ (ആയുർവേദം)	04-09-2023	
ശ്രീമതി. ജയശ്രീ.എം	അസ്സി.സെക്രട്ടറി	01-04-2023	

ശ്രീമതി.മൂല്യ മോഹൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	
ശ്രീ.സിബു കെ.ആർ.	ഹെഡ്മാസ്റ്റർ, ഗവയു.പി.എസ്	01-04-2023	
ശ്രീമതി വിദ്യാകുമാരി പി.ആർ.	ഹെഡ്മിസ്ട്രസ്	13-11-2023	
ശ്രീമതി.അശ്വതി .കെ.ജി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തിരുനെല്ലൂർ സർക്കിൾ)	01-04-2023	
ശ്രീ.സൽമോൻ. എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(തിരുനെല്ലൂർ സർക്കിൾ) -(ഇൻ-ചാർജ്)	23-11-2023	
ശ്രീ.സൽമോൻ. എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(ഒറ്റപ്പുന്ന) സർക്കിൾ)	01-04-2023	
ശ്രീമതി.ഷിനിമോൾ എൻ.ജി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	
ശ്രീമതി. അനീസ സുരേന്ദ്രൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ (ഇൻ-ചാർജ്)	01-08-2023	
ശ്രീമതി. അപർണ്ണ എ.	ഐ.സി.ഡി.എസ് സൂപ്പർവൈസർ	12-08-2023	
ശ്രീമതി ശ്രീലക്ഷ്മി പി.എസ്.	അക്രഡിറ്റഡ് എഞ്ചിനീയർ	01-04-2023	

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല	1-1-1
3	വസ്തു നികുതി ഡി.സി.ബി - വാർഷിക കണക്കിലെ രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല	1-1-2
4	യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല	1-1-4
6	ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല.	1-1-5
7	ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മന്റ് ഹാജരാക്കിയില്ല.	1-1-6
8	കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവ് തുക പൊരുത്തപ്പെടുന്നില്ല	1-1-7
9	ലൈഫ് സംസ്ഥാന വിഹിതം - നീക്കിയിരുപ്പ് തുക പൊരുത്തപ്പടുന്നില്ല	1-1-8
10	ബജറ്റ്	1-2
11	സാമ്പത്തിക വിശകലനം	1-3
12	ഫണ്ട് വിനിയോഗം	1-4
13	പദ്ധതി അവലോകനം	1-5
14	തൊഴിലുറപ്പ് പദ്ധതി	1-6
15	ക്ഷേമ പദ്ധതികൾ	1-7
16	ക്യാഷ് ബാലൻസ് പരിശോധന	1-8
17	ആഭ്യന്തര നിയന്ത്രണം	1-9
18	കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിൽ കുറവ്	1-10

19	വസ്തുനികുതി നിർണ്ണയിച്ച വിവരം ലഭ്യമല്ല	1-11
20	വിജ്ഞാപനം ചെയ്ത നിരക്കിലും കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കുന്നു	1-12
21	മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയം, ഈടാക്കൽ - അപാകതകൾ	1-13
22	പ്രാദേശിക പരിശോധന - പെർമിറ്റ് നല്കിയിരിക്കുന്നതിലും അധികരിച്ച നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് വസ്തുനികുതി പുനർനിർണ്ണയിച്ചിട്ടില്ല	1-14
23	വ്യവസായ പാർക്കിലെയും കരാറുകാരുടെയും തൊഴിൽനികുതി ഈടാക്കിയതിന്റെ രേഖകളില്ല	1-15
24	പെർമിറ്റ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു	1-16
25	വണ്ടിപ്പേട്ട - ലേലത്തുകയുടെ ജി.എസ്.ടി.ഈടാക്കിയിട്ടില്ല	1-17
26	ലേലത്തുക അടവാക്കിയ വിവരവും മറ്റു രേഖകളും ഹാജരാക്കിയില്ല	1-18
27	വാടക – സെക്യൂറിറ്റി തുക വാടകയിൽ ക്രമീകരിക്കുന്നു	1-19
28	മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല	1-20
29	ചെക്ക് റിട്ടേൺ ചാർജ്ജ് ഈടാക്കിയിട്ടില്ല	1-21
30	ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടില്ല	1-22
31	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നില്ല.	1-23
32	കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല	1-24
33	വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതു് മൂലം അധികച്ചെലവ്	1-25
34	കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക ചെലവഴിച്ചില്ല	1-26

35	യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല	1-27
36	എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - (289/24)നിർവ്വഹണത്തിലെ അപാകതകൾ	1-28
37	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിക്കലുമായി ബന്ധപ്പെട്ട് തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തിയതു വഴി അധിക ചെലവ്	1-29
38	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കിയില്ല.	1-30
39	നിയമപ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	1-31
40	വൈദ്യുതി ബോർഡ് മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല, തുക തടസ്സപ്പെടുത്തുന്നു	1-32
41	അമ്മയും കുഞ്ഞും,ഗർഭിണികൾക്ക് ആയുർവ്വേദ പരിചരണം പദ്ധതി അപാകതകൾ	1-33
42	വയോപോഷണം പദ്ധതി - വിതരണ രേഖകൾ ഹാജരാക്കിയില്ല	1-34
43	പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തിയാക്കിയില്ല	1-35
44	തെരുവ് വിളക്ക് പരിപാലനം - അപാകതകൾ	1-36
45	ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല	1-37
46	എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം-ഹരിത കർമ്മ സേനയിലൂടെ - ലഘു അവലോകനം	1-38
ഭാഗം 2		
1	പെർമിറ്റ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു	2-1

2	വണ്ടിപ്പേട്ട - ലേലത്തുകയുടെ ജി.എസ്.ടി.ഈടാക്കിയിട്ടില്ല	2-2
3	കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിൽ കുറവ്	2-3
4	ചെക്ക് റിട്ടേൺ ചാർജ്ജ് ഈടാക്കിയിട്ടില്ല.	2-4
	ഭാഗം 3	
1	വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട വലിപ്പത്തിൽ കൂടിയതു് മൂലം അധികച്ചെലവ്	3-1
2	നിയമ പ്രകാരം എടുക്കേണ്ട ഇൻഷ്വറൻസ് പോളിസിയുടെ സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല	3-2
3	യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല	3-3
4	മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി - മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേണ്ട ജി.എസ്.ടി ഈടാക്കിയില്ല	3-4
5	മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - കയർ ഭൂവസ്ത്രം വിരിക്കലുമായി ബന്ധപ്പെട്ട് തെറ്റായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹണം നടത്തിയതു വഴി അധിക ചെലവ്	3-5
6	അമ്മയും കുഞ്ഞും ,ഗർഭിണികൾക്ക് ആയുർവ്വേദ പരിചരണം പദ്ധതി അപാകതകൾ	3-6
	ഭാഗം 4	
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-3
4	വായ്പ/വായ്പാതിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5

6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രക
രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്
ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ്
എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനി
നിർദ്ദേശങ്ങളും അനുസരിച്ച് 21.06.2024-ലെ 4(1)-ാം നമ്പർ കമ
തയ്യാറാക്കി 29.06.2024 തീയതിയിൽ പിന്തുണയ്ക്കുന്
സമർപ്പിക്കപ്പെട്ടിട്ടുള്ള ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായ
അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് ,
എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയത
ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓ
അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാ
മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻ
അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭി
എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പു
മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത്
ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനു
ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പ
വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ
ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാ
മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന
പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തു
പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അ
ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്ന
മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റി
അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡ്
വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ
വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ട
ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച

വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ
നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യ

വിശേഷണങ്ങളോടു കൂടിയ അഭിപ്രാ

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്
വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മ
വിധേയമായി ചേന്നംപള്ളിപ്പുറം ഗ്രാമ പഞ്ചായത്തിന്റെ 2
വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെ
നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽക

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്ര കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള റേഷ്യോസ്, അക്കൗണ്ടി
വാർഷിക കണക്കിനോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 വസ്തു നികുതി ഡി.സി.ബി - വാർഷിക കണക്കി രേഖപ്പെടുത്തലുകൾ സഞ്ചയ സോഫ്റ്റ്വെയറിൽ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ ചേർത്തിട്ടുള്ള വസ്തു നികുതി ഡിമാന്
എന്നിവ, സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നുള്ള ഇതു സ
പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസുമായി പൊരുത്ത

1-1-3 യഥാസമയം ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്

വസ്തു നികുതി, വാടക, ലൈസൻസ്, കച്ചവടക്കാരുടെ തൊ
അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ
വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും രേഖപ്പെടുത്തിയ

1-1-4 രജിസ്റ്ററിൽ വാർഷിക ഡി.സി.ബി പത്രിക തയ്യാ സാക്ഷ്യപ്പെടുത്തിയിട്ടില്ല

തൊഴിൽ നികുതി, ഡി&ഒ, വാടക, പെർമിറ്റ് രജിസ്റ്ററുകളിൽ
തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-1-5 ഹെൽത്ത് ഗ്രാന്റ് അക്കൗണ്ട് വിവരം വാർഷിക ഉൾപ്പെടുത്തിയില്ല.

തൻവർഷം പഞ്ചാബ് നാഷണൽ ബാങ്കിന്റെ പള്ളിപ്പുറം ശാ
Buildingless Sub Centres- PHC എന്ന പേരിൽ ആരംഭിച്ച ഹെൽത്ത്
(A/C No - 7179000100330l4) വിവരം വാർഷിക കണക്കിൽ
അക്കൗണ്ടിൽ 31/3/2024ലെ നീക്കിയിരുപ്പ് 8430069/- രൂപയാണ്.

1-1-6 ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മന്റ് ഹാജരാക്കിയില്ല.

ഹെൽത്ത് ഗ്രാന്റുമായി (ബിൽഡിംഗ്) ബന്ധപ്പെട്ട് സ്റ്റേ
തൈക്കാട്ടുശ്ശേരി ശാഖയിലെ 57053597625 നമ്പർ അക്കൗണ്ടി
റീകൺസിലിയേഷൻ പത്രിക എന്നിവ
ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ അക്കൗണ്ട് പ്രകാരമുള്ള നീക്
പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

1-1-7 കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് - ചെലവ് തുക പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുള്ള കേന്ദ്ര
ഗ്രാന്റിന്റെ ആകെ ചെലവ് തുക സുലേഖ
രേഖപ്പെടുത്തലുകളുമായി പൊരുത്തപ്പെടുന്നില്ല. വാർഷി
ചെലവായി കാണിച്ചിട്ടുള്ളത് 7356334/- രൂപയാണ്. എന്
പത്രികയിൽ 5164330/- രൂപയാണ് ആകെ ചെലവായി കാണിച്ചി

1-1-8 ലൈഫ് സംസ്ഥാന വിഹിതം - നീക്കിയിരുപ്പ് തു പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളിലെ Rural Housing – Housing For All (I
ഹെഡിൽ ലൈഫ് സംസ്ഥാന വിഹിതമായി ലഭിച്ച തു
ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ ലൈഫ്
നിക്ഷേപിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലെ (നം - 1267123
(8410283/- രൂപ) പഞ്ചാബ് നാഷണൽ ബാങ്ക് (ലൈഫ് ഫ
നീക്കിയിരുപ്പും കൂട്ടിയാൽ ആകെ 10194878/- രൂപ മാ
നീക്കിയിരുപ്പുള്ളത്.

1-2 ബജറ്റ്

2023-24 ലെ ബജറ്റ് 25.3.2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം
06.02.2024ലെ 1-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു.

	വരവ്	ചെ
ബജറ്റ് പ്രകാരം	330650854	3289
വാർഷിക കണക്ക് പ്രകാരം (ഇൻകം &	173809328	1940

എക്സ്പെന്റ്ച്ചർ പത്രിക പ്രകാരം)		

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	27168649
വരവ്	69812980
ആകെ	96981629
ചെലവ്	63723142
നീക്കിയിരിപ്പ്	33258487

1-4 ഫണ്ട് വിനിയോഗം

	മുന്നിരിപ്പ്	സോഴ്സിൽ പിടിച്ചത്	അലോട്ട്മെന്റ് വരവ്	ആകെ	6
വികസനഫണ്ട് (ജനറൽ)	0	6259145	14457855	20717000	1
വികസനഫണ്ട് (എസ്.സി.പി)	0	896040	6935960	7832000	5
വികസനഫണ്ട് (ടി.എസ്.പി)	0	43283	112717	156000	1
മെയിന്റനൻസ് ഫണ്ട് -റോഡ്	0	0	8010000	8010000	1
മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്	0	0	4070000	4070000	2
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ്	9585043	0	2573000	12158043	3
13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് -അൺടൈഡ്	3536148	0	3806742	7342890	3

തൻവർഷം ലഭിച്ച പദ്ധതി വിഹിതത്തിന്റെ വിനിയോഗം പര
ഫണ്ടിനങ്ങളിലായി 12933396/- ലാപ്സായിട്ടുണ്ട്. പദ്ധതി

ലഭിക്കുന്ന തുക പൂർണ്ണമായി ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ട

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കി ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	പദ്ധതി ചെലവ്	പൂർത്തിയാക്കിയത്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)
245	294161436	145494938	90	83

തൻവർഷം അംഗീകാരം ലഭിച്ച 245 പ്രോജക്ടുകളിൽ 90 എണ്ണം നടപ്പാക്കിയിട്ടുള്ളത്. 72 പ്രോജക്ടുകൾ ഉപേക്ഷിക്കുകയും 83 എ നടപ്പിലാക്കുകയും ചെയ്തതിൽ നിന്നും ആസൂത്രണം ന നടപ്പിലാക്കുന്നതിൽ പാളിച്ചയുണ്ടാകുന്നുവെന്ന് വ്യക്തമാ ലഭിക്കുന്ന പദ്ധതിപ്പണം വിനിയോഗിച്ച് കൂടുതൽ പ്രോജക്ട ശ്രദ്ധിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെല
ഭരണചെലവുകൾ	0	1110480	1110480	11104
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	60045551	60045551	60045
ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ		8204969	8204969	8204
ആകെ	0	69361000	69361000	69361

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താ എണ്ണ
തൊഴിൽ രഹിത വേതനം	71160	43
കർഷക തൊഴിലാളി	2733800	237

പെൻഷൻ		
വിധവാ പെൻഷൻ	9449500	948
വാർദ്ധക്യകാല പെൻഷൻ	26693700	3205
വികലാംഗ പെൻഷൻ	4403500	423
അവിവാഹിത പെൻഷൻ	796400	76
വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം	270000	9

1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വക ബാലൻസ് പരിശോധന 16.10.2024 തീയതിയിൽ 03:35 PM അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളത

1. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ ന നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2. ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളു കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത സൂക്ഷിക്കുന്നില്ല.

3. ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി രജിസ്റ്റർ വ്യ വിവരങ്ങൾ രേഖപ്പെടുത്തിയും സൂക്ഷിക്കാത്തതിനാൽ പരി
4. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തിക സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധ തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. തൊഴിലുറപ്പ് പദ്ധതിയിൽ കയർ ഭൂവസ്ത്രം വിരിക്ക പ്രവൃത്തികളിൽ യഥാർത്ഥത്തിൽ ആവശ്യമായതിലധി വാങ്ങിയതു മൂലം അധിക ചെലവുണ്ടാകുന്നു.
6. കെട്ടിട ഉടമ അപേക്ഷ നല്കിയിട്ടുണ്ടെങ്കിലും സമയ

പുനർനിർണ്ണയിച്ചിട്ടില്ല. കൂടാതെ വിജ്ഞാപനം ചെയ്ത നിരക്ക
ഈടാക്കുകയോ വസ്തുനികുതി നിർണ്ണയിക്കുകയോ ചെയ്യുന്നു
7. ലേലത്തുകകൾ യഥാസമയം ലഭ്യമാക്കുന്നതിന് നടപടികൾ
8. കളക്ഷൻ തുക പൂർണ്ണമായും ബാങ്കിൽ അടവാക്കി എന്ന് ഉറ

മേൽ അപാകതകൾ പരിഹരിച്ച് വരവിനത്തിൽ ലഭ്യമ
ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും ആഭ്യന്തര നി
കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേ
സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എ
ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-10 കളക്ഷൻ തുക ബാങ്കിൽ അടവാക്കിയതിൽ കു

ഗ്രാമപഞ്ചായത്തിന്റെ രസീത് പ്രകാരമുള്ള വരവ്, വരവു
വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ താഴെപ്പറയും പ്രക
കുറവായാണ് കേരള ബാങ്കിൽ അടവാക്കിയിട്ടുള്ളത്.

ക്രമ നം.	തീയതി	ഡേബുക്ക് പ്രകാരം കളക്ഷൻ	ബാങ്കിൽ അടവാക്കിയത്.	കുറവ്
1	02.11.23	1738/-	638/-	1100
2	06.06.2024	3145/-	3125/-	20
			ആകെ കുറവ്	1120/-

ആകെ കുറവ് വന്ന 1120/- രൂപ അടവാക്കി വിവരം ഓഡിറ്റിൽ
നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/9.10.24) മറുപടി
അടവാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാ

1-11 വസ്തുനികുതി നിർണ്ണയിച്ച വിവരം ലഭ്യമല്ല

2017 വർഷം കെട്ടിടനിർമ്മാണ അനുമതി നേടി
പൂർത്തിയാക്കിയവർ വിവരം ഗ്രാമപഞ്ചായത്തിൽ
ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി യിൽ കുറവുണ്ടാകുന്നു.

ക്രമ നം.	പെർമിറ്റ് ഫയൽ നം.	കെട്ടിടത്തിന്റെ തരം	അപേക്ഷകൻ	വിസ്തൃ
1	C2-6441/17/11.9.17 (രസീത് നം. 117030101548/25.9.17)	വാസഗൃഹം	ശ്രീ.ടോമി ജോസഫ്	436.41M
2	C2-8360/17/4.12.17	വ്യക്തമല്ല	ശ്രീ. ആന്റണി	8626.5M

			വർഗ്ഗീസ്

മേൽ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള നിർണ്ണയിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നത് അന്വേഷണത്തിന് (നം.10/9.10.24) മറുപടി ലഭ്യമാക്കിയില്ല.
മേൽ പെർമിറ്റുകളിൽ ശ്രീ. ടോമി ജോസഫ് നിർമ്മാണം പൂ ചുമതലയുള്ള ക്ലർക്ക് ഓഡിറ്റിൽ നേരിൽ അറിയിച്ചിരുന്നു വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതിന്റെ വിശദാംശങ്ങളും പ്ര പെർമിറ്റ് എടുത്തിട്ടുള്ള കെട്ടിടനിർമ്മാണം പൂർത്ത ആയതിന്റെ വസ്തുനികുതി നിർണ്ണയിച്ച വിവരവും ഓഡിറ്റിൽ

1-12 വിജ്ഞാപനം ചെയ്ത നിരക്കിലും കുറഞ്ഞ നിരക്ക് നിർണ്ണയിക്കുന്നു

സർക്കാർ ഉത്തരവ് (അച്ചടി) നം.25/2023./ത.സ്വ.ഭ.വ., തീയതി അടിസ്ഥാനത്തിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി വ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.4/1 പ്രകാരം 16.09.23 ൽ എന്നാൽ സഞ്ചയപ്രകാരം അന്തിമവിജ്ഞാപനത്തിനു മുമ്പു സാമ്പത്തികവർഷം വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് അംഗീകരിച്ച നിരക്കായ 7/- ($300M^2$ നു മുകളിലുള്ള കെട്ടിടം) രൂപ നിരക്കുകൾക്ക് പകരം 6/- രൂ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് 70/- രൂപ നിര നിരക്കിലുമാണ് എല്ലാ വാർഡുകളിലെയും ഭൂരിഭാഗം കെട്ട നിർണ്ണയിച്ച് ഈടാക്കിയിട്ടുള്ളതായി കാണുന്നത്. ഇതു സംബ അന്വേഷണത്തിന് (നം.11/10.10.24) മറുപടി ലഭ്യമാക്കിയില്ല.
സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് നിരക്കുകൾക്കതിനനുസൃതമായി വസ്തുനികുതി ഈടാ സോഫ്റ്റ്വെയർ അപ്ഡേഷന് മുമ്പ് വസ്തുനികുതി നിർണ്ണയ ലെ നിരക്കുകളിൽ പുനർനിർണ്ണയിക്കേണ്ടതുമാണ്. സഞ്ചയത്തി വരുത്തി നിരക്കിൽ കുറവ് വന്ന എല്ലാ കെട്ടിടങ്ങളു പുനർനിർണ്ണയിച്ച് കുടിശ്ശികസഹിതം ഈടാക്കേണ്ടതാണ്.

1-13 മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണ അപാകതകൾ

1. ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ മൊബൈൽ ടവ പരിശോധിച്ചതിൽ ടവറുകളുടെ താഴെപ്പറയും പ്രകാര മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളതെന്ന് മന ടവറുകൾക്കൊപ്പമുള്ള ജനറേറ്റർ റൂം മുതലായ അനുബന്ധ

വിസ്തൃതി വസ്തുനികുതി നിർണ്ണയിക്കുന്നതിന് പരിഗണിക്കേ
നം.ആർ.ഡി.3/94/2020, ത.സ്വ.ഭ.വ.,തീയതി 26.02.2022 ലെ നിർദ്ദേ
സഞ്ചയപ്രകാരമുള്ള കുറഞ്ഞ അളവുകളിൽ എപ്ര
സ്ഥാപിക്കുവാൻ സാധിക്കുന്നത് എന്നും വ്യക്തമല്ല. താഴെ പ
എന്നിവയുടെ ടവറുകൾക്ക് മാത്രമാണ് മുഴുവൻ വിസ്തൃ
നിർണ്ണയത്തിനായി പരിഗണിച്ചിട്ടുള്ളതായി മനസ്സിലാ
വസ്തുനികുതി കുടിശ്ശികയുള്ളതായും കാണുന്നു.

ക്രമ നം,	കെട്ടിട നം.	സർവ്വീസ് പ്രൊവൈഡർ	വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള വിസ്തൃതി(M^2)	വാർഷിക നികുതിയും കുടിശ്ശിക കാലയളവും	202 നി കു
1	6/284	Reliance	5	2607/- (2019-20 To 2023-24)	260
2	6/479	Bharathi Airtel	11	--	
3	6/487E	Indus	6.25	--	
4	7/324	Airteel	31.34	--	
5	13/246	Indus	7	--	
6	14/113	WirelessTT InfoService Ltd	15	--	
7	15/262	Airltel	4	1390/-(2023-24)	139
8	15/360	Reliance	6	2432/- (2021-22 To 23-24)	243
	ആകെ				217

എല്ലാ ടവറുകളുടെയും അനുബന്ധനിർമ്മിതികളുടെ ഉ
യഥാർത്ഥ വിസ്തൃതിയും ഗ്രാമപഞ്ചായത്തിലുള്ള എല്ലാ അ
വിശദാംശങ്ങളും ഫീൽഡ്തല ഉദ്യോഗസ്ഥർ മുഖേന അളന്ന്
11.10.24 നകം ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേ

മറുപടി ലഭ്യമാക്കിയില്ല.
ജി.ഒ.(ആർ.ടി.)നം.2640/2012/ത.സ്വ.ഭ.വ./തീയതി 19.09.2012
എൻ.എൽ.ന്റെ മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈ
ഗ്രാമപഞ്ചായത്തിലെ ബി.എസ്.എൻ.എൽ.ന്റെ ടവറിന് നി
കൂടാതെ, സർക്കുലർ നം.40395/ആർ.സി.2/2014, ത.സ്വ.ഭ.വ., ത
സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുമില്ല.
2. അപേക്ഷാ നം.4608/3.6.23 പ്രകാരം ഇൻഡസ് ടവേഴ്സും,
എന്നിവ പ്രകാരം സുമിത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ എന്ന
ടവറുകൾ സ്ഥാപിക്കുന്നതിനായി പെർമിറ്റ് ഫീസ് അടവാക്കി
നിർമ്മാണം പൂർത്തീകരിച്ച് കംപ്ലീഷൻ പ്ലാൻ സമർപ്പിക്കുക
ക്കുകയും ചെയ്തിട്ടുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കുന്
അന്വേഷണത്തിന് (നം.26/16.10.24) മറുപടി ലഭ്യമാക്കിയില്ല.

എല്ലാ അനധികൃത ടവറുകളുടെയും വസ്തുനികുതി നിർണ്ണ
ഈടാക്കിയും ക്രമ നം.2ൽ സൂചിപ്പിച്ചിട്ടുള്ള ടവറുക
മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയിച്ച്
ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള 21721/- രൂപ പലിശ
ബി.എസ്.എൻ.എൽ. മൊബൈൽ ടവറുകളുടെ വസ്തു
ഈടാക്കിയും രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 പ്രാദേശിക പരിശോധന - പെർമിറ്റ് നല്കിയിരിക്കു അധികരിച്ച നിർമ്മാണങ്ങൾ ക്രമവൽക്കരിച്ച് വസ്തുന പുനർനിർണ്ണയിച്ചിട്ടില്ല

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ
10.10.2024 ൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ LSGD അ
ഓവർസിയർ, ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ, ഓഡിറ്റ് ഓഫീ
സംയുക്തമായി പ്രാദേശിക പരിശോധന നടത്തിയിരുന്നു.
റിപ്പോർട്ട് ഓഡിറ്റ് തെളിവുകൾക്കൊപ്പം ചേർത്ത് ഫയലി
പ്രാദേശികപരിശോധനയിൽ കാണപ്പെട്ട അപാകതകളുടെ
ചേർക്കുന്നു.

1. സ്ഥാപനം : ഇൻഫ്ര എലവേറ്റേഴ്സ് (Infra Elevators)

ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ LSGDLD/ALP/3909/2023-
പ്രകാരം ശ്രീ.മനോജ്കുമാർ വി.എ., പാഞ്ചജന്യം ഹൌസ്,
ചേർത്തല എന്നയാൾക്ക് ചേന്നം പള്ളിപ്പുറം ഗ്രാമപഞ്ചായത്ത

ൽ പ്പെട്ട 4439.7ച.മീ. വിസ്തൃതിയുള്ള സ്ഥലത്ത് നില
വിസ്തൃതിയുള്ള നിർമ്മാണങ്ങളിലെ Infra Elevators
കെട്ടിടത്തിനോട് ചേർത്ത് 1390.54 ച.മീ. വിസ്തൃതിയുള്ള
നിലവിലുള്ള വർക്കേഴ്സ് റൂമിന് മുകളിൽ 115.07 ച.മീ.
നിർമ്മാണം എന്നിവ ഉൾപ്പെടെ ആകെ 3318.41 ച.മീ. വിസ്തൃ
ഉപയോഗ ഗണത്തിലുള്ള നിർമ്മാണങ്ങൾക്ക് നിബന്ധനകൾ
2019 ചട്ടം 5(6),30 എന്നിവ പ്രകാരം ലേ-ഔട്ട്/യൂസേജ് ഓ
നല്കിയിട്ടുണ്ട്.

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ 16-ാം വാർഡിലെ സ
മേൽ സ്ഥാപനത്തിന് 16/364B എന്ന $92M^2$ കെട്ടിടവും (വർ
$1734.03M^2$ കെട്ടിടവുമാണുള്ളത് (ഫാക്ടറി).

ടി സ്ഥാപനത്തിൽ നടത്തിയ പ്രാദേശിക പരിശോധനയ
നിർമ്മിച്ച് പ്രവർത്തിച്ചുവരുന്ന ഫാക്ടറി കെട്ടിടത്തിനു മു
എടുക്കാതെയും വസ്തുനികുതി നിർണ്ണയിക്കാതെയും (30X1
വിസ്തൃതിയിൽ മൂന്നുവശവും അടച്ചുകെട്ടി ട്രസ് വർക്ക് ചെയ്ത
ഗോഡൌണായും ഉപയോഗിച്ചുവരുന്നതായി കാണുകയുണ്ടാ
M^2 അനധികൃത നിർമ്മാണമാണെന്ന് വ്യക്തമാണ്. ഈ ഭാഗവു
വിസ്തൃതിയുള്ള ഫാക്ടറി കെട്ടിടത്തിന്റെ മുൻവശവും പെ
നീട്ടിപ്പണിയുന്നതിനാണ് നിലവിൽ അപേക്ഷ നല്കിയിട്ടുള്ളത്.

കൂടാതെ 15.19M2 (4.9x3.1) വിസ്തൃതിയും ഉദ്ദേശം 10 മീറ്റർ ഉയരവു
വസ്തുവിലുണ്ട്.

നിലവിലുള്ള 1734.03M2 കെട്ടിടത്തിന് MSME ഡവലപ്മെന്റ് ആ
ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടത്തിന് ബാധകമാ
(രൂ.15/M2) ചുമത്തിയിട്ടുള്ളത്. എന്നാൽ മേൽ സർട്ടിഫിക്കറ്റ്
ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത
ഇതരവ്യവസായങ്ങൾക്കുള്ള 50/- രൂപ നിരക്കാണ് ബാധകമാക

2. അർജുൻ കയർ ടഫ്റ്റ് (Arjun Coir Tuft)

അർജുൻ, നെടുംചിറയിൽ, പള്ളിപ്പുറം എന്നയാളുടെ ഉടമ
കയർ ടഫ്റ്റ് എന്ന സ്ഥാപനത്തിന് ;ചേന്നംപള്ളിപ്പുറം ഗ്രാമ
പ്രകാരം 16-ാം വാർഡിൽ താഴെപ്പറയുന്ന വ്യവസായ
കെട്ടിടങ്ങൾ ഉള്ളതായി കാണുന്നു.

ക്രമ നം.	സർവേ നം.	വിസ്തൃതി (M2)	കെട്ടിട നം.	പെർമിറ്റ് നം.	കെട്ടിടത്ത് തരം

1	177/23a, 23 B	224.14	16/348F	C2-BA-300126/ 2019/ 16.10.2019 – 263.45 M2	MSME ഡവലപ്മെ ആക്ട് പ്രകാരം ര ചെയ്ത വ്യവ യൂണിറ്റുകള കെട്ടിടം
2	177/23a 22 B, 177/B	463.06	16/348E	4180/17/20.7.17	- ടി -
3	177/23a 22 B, 177/22b	14	16/348D	ലഭ്യമായില്ല	ഇതരവ്യവ
	ആകെ	741.51			

അർജുൻ ടഫ്റ്റ് എന്ന സ്ഥാപനത്തിൽ നടത്തിയ പ്രാദേശിക
നമ്പർ കെട്ടിങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമായി
കെട്ടിടങ്ങൾ എല്ലാംതന്നെ ഒന്നിച്ച് ട്രസ് വർക്ക് ചെയ്ത് പരസ്പരം
കാണുന്നത്. ആയതിനാൽ പെർമിറ്റ് എടുത്തിട്ടു
ഏതൊക്കെയെന്ന് വ്യക്തമാകുന്നില്ല. മേൽക്കൂര നിർമ്മിച്ചിട്ടു
ഗോഡൌണായും ഉപയോഗിക്കുന്നതായി പ്രാദേശികപരി
ഭാഗത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	കെട്ടിടഭാഗങ്ങൾ	നീളംxവീതി (മീറ്ററിൽ)	വിസ്തൃതി(M^2)
1	പ്രധാന ഫാക്ടറി (മുൻഭാഗം) പ്രധാന ഫാക്ടറി (പിൻഭാഗം)	33.36x26 27.80x23.5	876.36 653.30 1520.66
2	തെക്കുവശം മൂന്നുവശവും അടവാക്കി ഗോഡൌണായി ഉപയോഗിക്കുന്ന ഭാഗം	64x5	320
3	ഫാക്ടറിയുടെ പിൻഭാഗം മൂന്നുവശവും അടവാക്കി ഗോഡൌണായി ഉപയോഗിക്കുന്ന ഭാഗം	36.5x9.40	343
4	ജനറേറ്റർ റൂം		45.32
	ആകെ		2228.98

ചേർത്തല -അരൂക്കുറ്റി റോഡതിരിലെ മതിൽ മുതൽ പ്രധാ
മൂന്നുമീറ്റർ ദൂരവും ട്രസ് വർക്ക് ചെയ്ത് ഉപയോഗിച്ചുവരുന്നതാ
മേൽ അളവുകളിൽ ഉൾപ്പെടുന്നു.

മേൽ സൂചിപ്പിച്ച 2228.98M^2 ഭാഗത്തിൽ 741.51M^2 നു മാത്രമാണ്
നേടിയിട്ടുള്ളത്. ആയതിനാൽ 1487.47M^2 അനധികൃത നിർമ്മാ

കൂടാതെ നം. 16/348E നം. 463.06 M^2 വിസ്തൃതിയുള്ള കെട്ടിട
സ്ഥാപനത്തിന്റെ MSME രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് മാ
എന്നാൽ നം.16/348F - 224.14 M^2 വിസ്തൃതിയുള്ള കെട്ടിടത്തിന
സർട്ടിഫിക്കറ്റ് ഉള്ള സ്ഥാപനങ്ങൾക്ക് ബാധകമായ 15/
വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. 14M^2 ഉള്ള
ഇതരവ്യവസായങ്ങൾക്ക് ബാധകമായ 50/-രൂപ നി
നിർണ്ണയിച്ചിട്ടുള്ളത്.

26.05.2023 ൽ കെട്ടിട ഉടമ File No.400391/PTRV06/General/2023/4456 ൽ
The Secretary When A Building Is Renovated Or Changed To Another Occupan
നല്കിയിട്ടുണ്ടെങ്കിലും മേൽനടപടികൾ സ്വീകരിച്ചതായി കാണ
ക്രമ നം.1, 2 എന്നിവയിലെ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച
റഗുലറൈസേഷൻ ഫീസും അനധികൃത നിർമ്മാണത്തിന
നിർമ്മാണം ക്രമവൽക്കരിച്ചും കെട്ടിടം പുതുക്കിയ
വസ്തുനികുതി ഈടാക്കിയും വിവരം രേഖാമൂലം ഓഡിറ്റിൽ അ

1-15 വ്യവസായ പാർക്കിലെയും കരാറുകാരുടെയും
ഈടാക്കിയതിന്റെ രേഖകളില്ല

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുത
ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തിയും
പരിശോധിക്കാൻ സാധിച്ചില്ല.

1. ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ KSIDC യുടെ കീ
ഏരിയയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിക്ക
പ്രകാരം ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ 22 യൂണ
പാർക്കിൽ 31 യൂണിറ്റുകൾക്കും സ്ഥലം അനുവദിച്ചു പ്ര
കാണുന്നു. ഇൻഡസ്ട്രിയൽ ഗ്രോത്ത് സെന്ററിൽ പ്രവർത്തി
നിന്നും മെഗാ ഫുഡ് പാർക്കിൽ പ്രവർത്തിക്കുന്ന താ
സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്ന
ലഭ്യമാക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തി
ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളിൽ നിന്നു
മുൻവർഷങ്ങളിലുൾപ്പെടെ തൊഴിൽനികുതി ഈടാക്കിയതാ

ക്രമ നം.	യൂണിറ്റിന്റെ പേര്	അലോട്ട് ചെയ്ത് നല്കിയ തീയതി	ഉല്പന്നത്തിന്റെ വിവ
1	പ്രോടെക് ഓർഗാനോ ഫുഡ്സ് പ്രൈവറ്റ് ലി.	02-11-2002	സീഫുഡ് പ്രോസസ കോൾഡ് സ്റ്റോറേജ്
2	റഫാ എക്സ്പോർട്ട്സ്	–	കോൾഡ് സ്റ്റോറേജ്
3	പ്രീമിയർ മറൈൻ ഫുഡ്സ്	–	സീഫുഡ് പ്രോസസ കോൾഡ് സ്റ്റോറേജ്
4	പി.പി.ഫ്ലവർ മിൽ	31/07/2014	ഫുഡ് ഗ്രൈന്റിംഗ്
5	ഗാൻ മറൈൻ എക്സിം		സീഫുഡ് പ്രോസസ്
6	ബുസ്താൻ അൽ വത്താനിയ	27-09-2008	ഫുഡ് പ്രോസസിംഗ്
7	സൺ അക്വാറ്റിക് പ്രോഡക്ട്സ് പ്രൈ.ലി.	23-05-2013	സീഫുഡ് പ്രോസസ്
8	ക്രസന്റ് ഫ്ലക്സി പാക്സ്	08-07-2013	ലാമിനേറ്റഡ് സിപ്പർ & പൌച്ചസ്
9	നാസ് ഫുഡ് എക്സിം	26-09-2013	കോൾഡ് വെജിറ്റബിൾസ് & ഫ
10	റോയൽ മറൈൻ എക്സ്പോർട്ട്സ്	12-09-2013 21-11-2013 (Revised)	സീഫുഡ് പ്രോസസ്
11	അൽ മറൈൻ പ്രൈഡക്ട്സ് ഇന്ത്യ പ്രൈ.ലിമിറ്റഡ്	16-01-2014 07-02-2014 (Revised)	സീഫുഡ് പ്രോസസ്
12	കെ മറൈൻ എക്സ്പോർട്ട്സ്	28-02-2014	സീഫുഡ് പ്രോസസ്
13	ഫ്രോസ്റ്റാ ഫ്രോസൺ ഫുഡ്സ് പ്രൈ.ലിമിറ്റഡ്	07-12-2013	സീഫുഡ് പ്രോസസ്
14	ഗ്രാന്റ് മറൈൻ എക്സിം	26/05/2014	ഫുഡ് പ്രോസ വെയർഹൌസിംഗ് റീപാക്കിംഗ് യൂണിറ്റ്
15	ഗ്രാന്റ് പോളി പാക്ക്	03-06-2014	പാക്കിംഗ് യൂണിറ്റ്

16	അകാ സീ ഫുഡ്സ് ഇന്ത്യ (പ്രൈ)ലിമിറ്റഡ്	30-07-2008	സീഫുഡ് പ്രോസസ്
17	ഓഷ്യൻ മറൈൻ എക്സ്പോർട്സ് പ്രൈ.ലിമിറ്റഡ്	21-03-2006	സീഫുഡ് പ്രോസസ്
18	ഓഷ്യൻ ജെംസ് എക്സ്പോർട്സ് ഇന്ത്യ പ്രൈ.ലിമിറ്റഡ്	10-07-2014	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
19	അകാസ്റ്റാർ മറൈൻ പ്രോഡക്ട്സ്	25/10/2014	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
20	ത്രീസ്റ്റാർ മറൈൻ എക്സ്പോർട്സ്	24/11/2014	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
21	മെയ്സ് ഇൻ സീ എക്സിം പ്രൈ.ലിമിറ്റഡ്	10-07-2014	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
22	സൺ അകാറ്റിക് പ്രോഡക്ട്സ് പ്രൈ.ലിമിറ്റഡ്- II	29/10/2014	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
23	പ്രോടെക് ഓർഗാനോ ഫുഡ്സ് പ്രൈ.ലിമിറ്റഡ്- II	31/07/2020	കോൾഡ് സ്റ ഓപ്പറേഷണൽ
24	ഗാഡർ മറൈൻ എക്സ്പോർട്സ് പ്രൈ.ലിമിറ്റഡ്	02-01-2021	ഫിഷ് പ്രോസസി എക്സ്പോർട്ട് യൂണ
25	സിൽവർ സീസ് എക്സിം പ്രൈ.ലിമിറ്റഡ്	–	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
26	സെറാഫൈൻ ദേവ് ഇംപക്ട് പ്രൈ.ലിമിറ്റഡ്	–	ഫുഡ് പ്രോസസിംഗ്
27	അകാ ജിനോ എക്സിം	–	സീഫുഡ് പ്രോസസ എക്സ്പോർട്ട് യൂണ
28	സായാസ് ഫുഡ്സ് പ്രൈ.ലിമിറ്റഡ്	–	പൌൾട്രി പ്രോസസ്
29	യുണിക് പാക്സ്	–	ഫുഡ് പാക്കിംഗ്

30	പെർഫെക്ട് എസ്.പി. പ്രൈ.ലിമിറ്റഡ്	–	ഐസ് ക്രീം
31	കേഷോദ്വല ഫുഡ്സ്	–	സീഫുഡ് പ്രോസസ്

2. തൻവർഷം ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്ര നടത്തുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ (എൽ.എ എഞ്ചിനീയർ (MGNREGS) എന്നിവരുമായി കരാറിൽ ഏർപ്പെ കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുള്ളത

1. ജോഷി, തളിയാടി
2. മാത്യു.റ്റി.വി.
3. ജെ.തങ്കച്ചൻ
4. എസ്.അനന്തപൈ
5. കെ.ശെൽവരാജൻ
6. ജിനോയ് വർഗ്ഗീസ്
7. അജു.എസ്.
8. പങ്കജാക്ഷൻപിള്ള
9. വിപിൻ കുട്ടപ്പൻ
10. സണ്ണി ജോൺ
11. ആന്റണി കെ.എം.

മേൽപ്പറഞ്ഞ കരാറുകാരിൽ നിന്നും തൊഴിൽനികുതി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന അന്വേഷണത്തിന് (നം.37/17.10.24) മറുപടി ലഭ്യമാക്കിയില്ല.
മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും ഗ്രാമപഞ്ചായ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 പെർമിറ്റ് ഫീ കുറവായി ഈടാക്കിയിരിക്കുന്നു

ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പെർമി അപേക്ഷകരിൽ നിന്നും നിയമാനുസൃത പെർമിറ്റ് ഫീ ഈടാ പല പെർമിറ്റ് അപേക്ഷകരിൽ നിന്നും 2023 ഏപ്രിൽ 10 മു പെർമിറ്റ് ഫീസിൽ നിന്നും വളരെ കുറവായാണ് തുക ഈടാക്

അപേക്ഷകളിൽ 30.7.24 ലെ സർക്കാർ ഉത്തരവ് (കൈ) നം.97/2 വരുത്തിയ നിരക്കിൽ ഈടാക്കേണ്ട പെർമിറ്റ് ഫീസ് വിവര ഉൾപ്പെടുത്തിയിട്ടുള്ളത്.

ക്രമ നം.	അപേക്ഷാ നം.	അപേക്ഷകൻ	കെട്ടട ത്തിന്റെ തരം/ വിസ്തൃതി (M^2)	30.7.24ലെ സർക്കാർ ഉത്തരവ് പ്രകാരം ഈടാ ക്കേണ്ട ഫീസ്	ഈടാ യത്
1	3444/ 17.4.23	ഷീമ	പാർപ്പിടം (230.30)	230.30x50 =11515/-	1612/- (123090 12.5.23)
2	5979/ 19.8.23	ശശിധരൻ പിള്ള	പാർപ്പിടം (റഗുല റൈസേഷൻ) 206.37	206.37x50x2 =20637/-	16482/- (124140 11.7.24)
3	7373/27.12.23	പ്രീത എ.ജി.	വാണിജ്യം (173932)	179.32x70 =12553/-	9886/- (123140 15.1.24)
					ആകെ

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുന്നതിന അന്വേഷണത്തിന് (നം.27/16.10.24) മറുപടി ലഭ്യമാക്കിയില്ല. ഈടാക്കി രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതും എല്ലാ പരിശോധിച്ച് പെർമിറ്റ് ഫീ കുറവായി ഈടാക്കിയിട്ടു അപേക്ഷകരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

1-17 വണ്ടിപ്പേട്ട - ലേലത്തുകയുടെ ജി.എസ്.ടി.ഈടാക

തവണക്കടവ് വണ്ടിപ്പേട്ട ലേലം എടുത്തിരിക്കുന്ന ശ്രീ. ക രസീത് നം.12314010001 പ്രകാരം അടവാക്കിയിട്ടുള്ള 15810/- രൂ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷ മറുപടി ലഭ്യമാക്കിയില്ല. GST തുക 2846/- രൂപ ഈടാക്കി അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-18 ലേലത്തുക അടവാക്കിയ വിവരവും മറ്റു രേഖക

ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തികവർഷം നടത്തിയ വണ്ടിപ്പേട്ട ലേല വിവരങ്ങൾ, ലേലഡയറി, 2023-24 ലെ ജ വിവരങ്ങൾ എന്നിവ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. വാടക

ലഭ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. തുക അടവാ
രജിസ്റ്ററുകളും രേഖകളും അടിയന്തിരമായി ഓഡിറ്റിൽ ലഭ്യ
ഓഡിറ്റ് അന്വേഷണത്തിന് (നം.21/15.10.24) മറുപടി ലഭ്യമാക്കി
അടവാക്കിയതിന്റെ വിവരങ്ങളും രജിസ്റ്ററും രേഖക
ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-19 വാടക – സെക്യൂരിറ്റി തുക വാടകയിൽ ക്രമീകര

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ
വാടക ഈടാക്കാതെ സ്ഥാപനങ്ങൾ ലേലസമയത്ത് അടവാ
തുക വാടകയിൽ ക്രമീകരിക്കുന്നതായി കാണുന്നു. തന്മൂ
ഗ്രാമപഞ്ചായത്തിൽ ഇല്ലാതാകുന്ന അവസ്ഥയുണ്ടാകുന്നു
ഓഡിറ്റ് അന്വേഷണത്തിന് (നം.22/15.10.24) രേഖാമൂലം മറുപട
വർഷംമുതൽ ഇപ്രകാരം ചെയ്യുന്നതല്ലായെന്ന് അധികൃത
കൂടാതെ വാടകക്കാരുമായി എല്ലാ വർഷവും കരാർ വയ്ക
പുതിയ കരാറുകളിലും ലേലത്തുകയും തുക
ഈടാക്കുന്നതിനുള്ള വ്യവസ്ഥകളും ഉൾപ്പെടുത്തുന്നില്ല.
ക്രമീകരിക്കുന്ന തുകയുടെ വിവരങ്ങൾ ഡെപ്പോസിറ്റ്
സെക്യൂരിറ്റി തുക കുറവ് ചെയ്യാത്തതിനാൽ പിന്നീട് സെക്യൂ
തിരികെ നല്കുന്നതിനും ഇടയാകും. അപാകതകൾ
ശ്രദ്ധിക്കേണ്ടതാണ്.

1-20 മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെപ്പറ
ക്രമീകരിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനാ
അന്വേഷണത്തിന് (നം.35/17.10.24) മറുപടി ലഭ്യമാക്കിയില്ല.

	ഇനം	2022-23		2023-24	
		OB	CB	OB	CB
1	ഫെസ്റ്റിവൽ അഡ്വാൻസ്	9000/-	17000/-	17000	21000
2	മറ്റു മുൻകൂറുകൾ	230174/-	230174/-	230174/-	230174/-

മുൻകൂറുകൾ 3 മാസത്തിനകം ക്രമീകരിക്കേണ്ടതാണ്
കൈപ്പറ്റിയവരിൽനിന്നും കെ.എഫ്.സി.വാല്യം.I, ആർട്ടിക്കി
ഫിൻ, തീയതി 12.6.2013 എന്നിവ പ്രകാരം 18% പലിശസഹി
ക്രമീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ട

സ്ഥാപനങ്ങൾക്ക് മുൻവർഷങ്ങളിലുൾപ്പെടെ പ്രോജക്ട് മുൻകൂറുകൾ ഇനിയും ക്രമീകരിക്കുവാനുള്ളതായും പൂർത്തീകരിക്കുന്നതിനനുസൃത മായി തുക ക്രമീ കാലികമാക്കേണ്ടതുമാണ്.

1-21 ചെക്ക് റിട്ടേൺ ചാർജ്ജ് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകൾ യഥാസമയം ക നല്കാത്തതായും പല ചെക്കുകളും മടങ്ങുന്നതായും മടങ്ങി റിട്ടേൺ ചാർജ്ജ് ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കാത്തതായ

1. 20.4.24 ലെ 7371/- രൂപയുടേയും 165007/- രൂപയുടേയും 11.3.24 ചെക്കുകൾ മടങ്ങിയെങ്കിലും ചെക്ക് തുക ഗ്രാമപ അടവാക്കിയിട്ടുണ്ട്. എന്നാൽ 178/- രൂപ വീതം ആകെ 534 ചാർജ്ജായി തനത് ഫണ്ടിൽ നിന്നും കേരള ബാങ്ക് കുറവ് ചെയ്ത

2. ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിന്റെ വാടകയിനത്തിൽ 3 രൂപയുടെ ചെക്ക് 20.4.24 ൽ മടങ്ങിയിരുന്നു. ഈ തുക പിന്നീ ഗ്രാമപഞ്ചായത്ത് അക്കൌണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇ മുതൽ 16.5.24 വരെയുള്ള പലിശ ഈടാക്കിയിട്ടില്ല. ഇതു സം അന്വേഷണത്തെത്തുടർന്ന് (നം.25/16.10.24) 165007/- രൂപയുടെ പ ചാർജ്ജും യഥാക്രമം രസീത് നം.1241401083/17.10.24, 1241401068/ ഗ്രാമപഞ്ചായത്തിൽ അടവാക്കി.

7371/-, 64292/- എന്നീ തുകകളുടെ ചെക്ക് റിട്ടേൺ ചാർജ്ജ് തുക രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-22 ഇ-ടെണ്ടർ ഫീസ് അക്കൗണ്ട് - സർക്കാർ നിർദ്ദേശ

ത.സ്വ.ഭ.വ. ചീഫ് എഞ്ചിനീയറുടെ 17.8.17 ലെ ഡിബി1/7942/2010 സർക്കുലറിൽ നിലവിൽ ഇ- ടെണ്ടറിന്റെ ആവശ്യത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വക പഞ്ചായത്തുകളും, ബ്ലോക്ക് പഞ്ചായത്തുകളും) എസ്.ബി.ഐ മേൽ വിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് തുടങ്ങേണ എസ്.ബി.ഐ ശാഖയിൽ കറന്റ് അക്കൗണ്ട് ഉള്ളപക്ഷം ഉപയോഗിക്കാവുന്നതാണെന്നും, എന്നാൽ പ്രസ്തുത അ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗി വ്യക്തമാക്കിയിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഓ ആവശ്യത്തിനായി അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരി *ആരംഭിച്ചിട്ടില്ല.* ***സർക്കാർ നിർദ്ദേശം നാളിതുവരെ പാലി***

നിലവിൽ ഇടെണ്ടർ ഫീ ഇനത്തിലുള്ള തുക അക്കൗ
എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലു
എന്നാൽ ടി അക്കൗണ്ടിലേയ്ക്ക് നാളിതുവരെ ക്രെഡിറ്റ് ചെയ്ത
രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ടി ഇനത്തിൽ 87799/-
എഞ്ചിനീയറുടെ ഓഫീസിൽ നിന്നും 13.09.23 ൽ തിരികെ ല
ഏത് കാലയളവിലെ തുകയാണെന്നോ, ഇനി എത്ര രൂപ
ശേഷിക്കുന്നുണ്ട് എന്നുള്ള വിവരവും ഫയലിൽ ലഭ്യ
വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓ
(നം.7/9.10.24) മറുപടി ലഭ്യമാക്കിയില്ല. നാളിതു വരെ ഇ
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്ക് നൽ
പ്രതിവർഷ കളക്ഷൻ റിപ്പോർട്ടുമായി പരിശോധിച്ച് ഉറ
ലഭിക്കുവാൻ ശേഷിക്കുന്ന തുക കൃത്യമ
ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമ

1-23 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ തനത് ഫണ്ടിലേ മുതൽക്കൂട്ടുന്നില്ല.

വളരെപ്പഴക്കമുള്ള തുകകൾ ഉൾപ്പെടെ കാലഹരണ
മുതൽക്കൂട്ടുന്നത് സംബന്ധിച്ച് മുൻവർഷ ഓഡി
പരാമർശിച്ചിരുന്നു. എന്നാൽ തൻവർഷവും ആയവ
മുതൽക്കൂട്ടിയിട്ടുള്ളതായി കാണുന്നില്ല. കേരള ഫിനാൻഷ്യ
282 പ്രകാരം തുകകൾ പഞ്ചായത്ത് തനത് ഫ
മുതൽക്കൂട്ടുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ
നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/10.10.24) മ
ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം വിവിധ ഇനങ്ങളിലായി 2021 വ
രൂപ കാലഹരണപ്പെട്ടതായി കാണുന്നു. കാലഹരണപ്പെട്ട
ഫണ്ടിലേക്ക് മുതൽക്കൂട്ടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ട

1-24 കന്നുകുട്ടി പരിപാലന പദ്ധതി -വിനിയോഗസാക്ഷ ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ – S0253/24
പ്രോജക്ടിന്റെ പേര്: പ്രത്യേക കന്നുകുട്ടി പരിപാലനം
അടങ്കൽ -വികസന ഫണ്ട് : 1250000/-രൂപ
ചെലവ്:-1250000/-രൂപ (ബിൽ നം.1/23-24,തീയതി 14.6.2023)
നിർവഹണം:-വെറ്ററിനറി സർജ്ജൻ
കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിലേക്കായി

സൌജന്യനിരക്കിൽ കാലിത്തീറ്റ നൽകുന്നതിന് 1250000/-രൂ
ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൌ
ചെയ്ത് നല്കിയിട്ടുണ്ട്. മേൽ പദ്ധതിക്ക് ചെലവഴിച്ച തുകയുടെ വ
ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് ന
വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല എന്ന് മറ്റു
വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കാത്തതിനാ
ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 വിൻഡോ മാതൃക ദർഘാസ് പരസ്യം - നിർദ്ദിഷ്ട കൂടിയതു് മൂലം അധികച്ചെലവ്

പൊതുഭരണ (ഇൻഫർമേഷൻ & പബ്ലിക് റിലേൻസ് -ഡി) വകു
ഡി-1/04 ഐ ആന്റ് പി ആർ. നമ്പർ സർക്കുലർ പ്രകാരം
"വിൻഡോ" (24 ച.സെ.മീ.വലിപ്പം) രൂപത്തിൽ ആയിരിക്ക
പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ
നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2023-24 സാമ്പത്തിക വർഷം സെ
പദ്ധതി രൂപീകരണ, നിർവ്വഹണ മോണിട്ടറിംഗ് ചെലവ് എന്ന
നം.S0004/23) ഭാഗമായി മാതൃഭൂമി ദിനപത്രത്തിൽ
നൽകിയിട്ടുണ്ട്. മാതൃഭൂമി പ്രിന്റിംഗ് & പബ്ലിഷിംഗ് കമ്പ
നമ്പർ ബിൽ പരിശോധിച്ചതിൽ, $48cm^2$ (8cmx6cm) വലുപ്പത്തിൽ
ഒരു ച.സെ.മീറ്ററിന് 305/- രൂപ നിരക്കിൽ ആകെ 13066
ഈടാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

അനുവദിച്ച് നൽകിയ തുക = (48x 305 – 15% Dis) + 5% GST= 13066

അനുവദനീയമായ തുക = (24x305 – 15% Dis) + 5% GST= 6533

അധികം നൽകിയ തുക = 13066 – 6533 = 6533/-

പരസ്യങ്ങൾ നല്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളിൽ സം
തുകയിൽ 6533/- രൂപയുടെ അധികച്ചെലവ് ഉണ്ടായിട്ട
വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക
ലഭ്യമാക്കിയില്ല. അധികം ചെലവഴിച്ച 6533/- രൂപ തിരി
ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ചെലവ് വിവരം.
ബിൽ നം. 09/ 30.11.2023 – 13066/-

1-26 കാർഷിക മേഖലയ്ക്കായി വകയിരുത്തിയ തുക

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർ
ഡി.പിസി അംഗീകാരം വാങ്ങിയ താഴെപറയുന്ന പദ്ധത

ഫണ്ടിൽ നിന്നും 1010750/- വകയിരുത്തിയിരുന്നെങ്കിലും തന്
രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ചെലവ് - 1%). വ
കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ടിന്റെ പേര് / നമ്പർ	വകയിരുത്തിയ തുക	ചെലവ് തുക
01	പച്ചക്കറി കൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി (പ്രോജക്ട് നമ്പർ S0031/24)	200000/-	-
02	പപ്പായ ഗ്രാമം (പ്രോജക്ട് നമ്പർ S0033/24)	106250/-	-
03	വനിതാ ഗ്രൂപ്പുകൾ മുഖേന പച്ചക്കറി കൃഷി വ്യാപനം (പ്രോജക്ട് നമ്പർ S0067/24)	500000/-	-
04	പ്ലാന്റ് ഹെൽത്ത് ക്ലിനിക് - സേവന വിപുലീകരണം (പ്രോജക്ട് നമ്പർ S0078/24)	30000/-	-
05	സുഗന്ധ ഗ്രാമം - കുറ്റികുരുമുളക്, ഇഞ്ചി കൃഷി വ്യാപമം (പ്രോജക്ട് നമ്പർ S0073/24)	60000/-	-
06	നെൽകൃഷി വ്യാപനം (പ്രോജക്ട് നമ്പർ S0026/24)	114500/-	10500/-
	ആകെ	1010750/-	10500/-

ഡി.പിസി അംഗീകാരം ലഭിച്ച മേൽ പദ്ധതികൾക്കായി വി
വകയിരുത്തിയ തുക ചെലവഴിക്കുവാൻ കഴിയാതി
വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക

കൃഷി ഓഫീസർ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി പ്രവർത്ത
ട്രഷറിയിൽ സമയബന്ധിതമായി ബില്ല് സമർപ്പിക്കാതിരുന്ന
വകയിരുത്തിയ തുക ചെലവഴിക്കുവാൻ കഴിയാതെ പോയ
വർഷം വകയിരുത്തിയ 1090070/- രൂപയിൽ 1082693 രൂപയു
99.32%) സാഹചര്യത്തിൽ തൻവർഷം കാർഷിക മേഖലയ
ഫണ്ട് ചെലവഴിക്കാതിരുന്നത് വളരെ ഗൗരവത്തോടെ കാണേ
പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ക
പാലിക്കാതിരുന്നതു കൊണ്ടാണ് തൻവർഷത്തെ ഫണ്ട് പാ
നിർവ്വഹണം കാര്യക്ഷമമായി നടപ്പാക്കി
ഒഴിവാക്കുന്നതിനാവശ്യമായ കർശന നിർദ്ദേശം ബന്
നൽകേണ്ടതാണ്.

1-27 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത ക
നിയമ പ്രകാരമുള്ള പിഴ ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രവൃ
നിർദ്ദിഷ്ട സമയപരിധിയ്ക്കുള്ളിൽ പൂർത്തീകരിക്കാതിരുന്ന
തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരണ
ഫൈൻ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ടില്ല. പ്രവൃത്ത
കാലതാമസ്സം നേരിട്ടതിനുള്ള കാരണം വ്യക്തമാക്കുകയോ, പ്ര
കാലയളവ് നിയമാനുസൃതം ദീർഘിപ്പിച്ച് നൽകുക
കാണുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പി.ഡബ്ല്യൂ.ഡി മാ
പ്രകാരം യഥാർത്ഥ *ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി
പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം
(പരമാവധി 10%) കോമ്പൻസേഷൻ* ഈടാക്കേണ്ടതാ
ഇത്തരത്തിലുള്ള കോമ്പൻസേഷൻ ഈടാക്കാത്തത് മൂലം
ഉണ്ടായിട്ടുണ്ട്.

വിശദ വിവരം ചുവടെ ചേർക്കുന്നു.

1.പരിമണത്ത് മണക്കാട്ട് ഭാഗം ഡ്രെയിനേജ്

പ്രോജക്ട് നമ്പർ	:	86/23
നിർവ്വഹണ ഉദ്യോഗസ്ഥൻ	:	**അസി.എഞ്ചിനീയർ**
കരാറുകാരൻ	:	സുരേഷ്.എസ്.നായർ
എം.ബുക്ക്	:	58/19-20

എഗ്രീഡ് പിഎസി	:	266414/-
പ്രവൃത്തി മൂല്യം	:	274571/-
ബിൽ നം.	:	34/16.06.23

11.05.2022 ൽ കരാർ ചമച്ച ടി പ്രവൃത്തിയുടെ പൂർത്തീക കാലാവധി യാണ് നൽകിയിരുന്നത്. ഇതനുസരിച്ച് 10.11.2 പൂർത്തീകരിക്കേണ്ട തായിരുന്നു. എന്നാൽ പ്രവൃത്തി പൂർത്ത

പ്രവൃത്തി പൂർത്തീകരണത്തിലുണ്ടായ കാലതാമസ്സം - 165 ദിവ

ഈടാക്കേണ്ട കോമ്പൻസേഷൻ - 23 ആഴ്ച X 0.1 % നിരക്കിൽ = 2 രൂപ

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെ എൻകയറിയ്ക്ക് (നം.20/14.10.24) മറുപടി ലഭ്യമാക്കിയിട്ടില്ല, ഈടാക്കാൻ ശേഷിക്കുന്ന തുക തിരികെ ഈടാക്കി വിവരം അ

1-28 എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ ഓഫ് വാഹനം വാടകയ്ക്ക് എടുക്കൽ - (289/24)നിർവ്വഹണത അപാകതകൾ

എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ ഓഫീസിലേയ്ക്ക് എടുക്കന്നതിനായി കമ്പ്ലേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ (പ്രതിമാസം 36000/-രൂപ) വർഷ.സി, പട്ടമന, പള്ളിപ്പുറം എ അംഗീകരിച്ചാണ് കാർ (KL07CB 8033) വാടകയ്ക്ക് എടു ഹാജരാക്കിയ ഫയൽ പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണ അപാകങ്ങൾ ഉണ്ടായിട്ടുള്ളതായി കാണുന്നു.

1) ഫയലിൽ സൂക്ഷിച്ചിട്ടുള്ള വാഹനത്തിന്റെ RC ബുക്ക് പ്ര ഉടമസ്ഥൻ അഖിൽ.റ്റി, വൈശാഖം, കുറുപ്പംകുളങ്ങര എന്ന കമ്പ്ലേഷൻ സമർപ്പിച്ചിട്ടില്ല. പ്രസ്തുത സാഹചര്യത്തിൽ വാഹന ഉടമസ്ഥാവകാശം ഇല്ലാത്ത വർഷ.സി എന്നയാൾക്ക് ക നൽകുവാനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.

2) പ്രസ്തുത വ്യക്തിയുമായി ചമച്ചിട്ടുള്ള കരാറിൽ തീയതി രേ

ഓഡിറ്റിൽ ഹാജരാക്കിയ ലോഗ് ബുക്ക് പരിശോധിച്ച അപാകതകൾ ഉള്ളതായി കാണുന്നു.

1. ലോഗ് ബുക്കിൽ വെഹിക്കിൾ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2. 17.1.2024 ൽ വാഹനം മാറിയിട്ടുള്ളതായി കാണുന്നു. (16.1
റീഡിംഗ് 172730 Kms. 17.1.24 മുതൽ രേഖപ്പെടുത്തിയ റീഡിം
സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലോഗ് ബ
രേഖപ്പെടുത്തിയിട്ടില്ല.
അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യ
എൻകയറിയ്ക്ക് (നം.8/9.10.24) മറുപടി ലഭ്യമാക്കിയിട്ടി
ഭരണസമിതി തുടർ നടപടി സ്വീകരിച്ച് വിവരം അറിയിക്കേ

1-29 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - വിരിക്കലുമായി ബന്ധപ്പെട്ട് തെറ്റായ രീതിയിൽ എസ്റ പ്രവൃത്തി നിർവ്വഹണം നടത്തിയതു വഴി അധിക ചെ

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെ
നടപ്പാക്കിയ താഴെ പറയുന്ന കയർ ഭൂവസ്ത്രം വിരിക്കൽ
കയർ ഭൂവസ്ത്രം കട്ട് ചെയ്ത് വിരിച്ച് ഉറപ്പിക്കുന്ന ഇനത്ത്
എസ്റ്റിമേറ്റ് തയ്യാറാക്കുകയും, പ്രവൃത്തിയുടെ നിർവ്വ
നിർവ്വഹിച്ചതായി രേഖകൾ തയ്യാറാക്കി തുക പിൻവലിക
അധികചെലവുണ്ടായി. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. <u>കയർ ഭൂവസ്ത്രം ഉപയോഗിച്ച് വരമ്പ് ബലപ്പെടുത്തൽ വാർ</u>

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കയർ ഭൂവസ്ത്രം വിരി
ഒരുക്കൽ, ചെളി മണലുപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തൽ എ
ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളാണ് കണക്കാക്കിയ
അളവ് ബുക്ക് പ്രകാരവും ഇതേ രീതിയിൽ തന്നെയാണ് പ്രവ
559.14 M^2 കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള ലേബർ
എന്നാലിവിടെ 559.14 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നത
ഭൂവസ്ത്രം (73.50/-രൂപ നിരക്കിൽ) വാങ്ങിയിട്ടുള്ളതായി കാണ

559.14 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ
അളവ് - 559.14 M^2 X 1.05 = 587 M^2 (പരമാവധി എസ്റ്റിമേറ്റ് പ്രകാരം)

നൽകാവുന്ന തുക - 587 M^2 X 73.50 / M^2 = 43145/- രൂപ

നൽകിയ തുക - 1118.25 M^2 X 73.50/ M^2 = 82191/- രൂപ

അധികം നൽകിയത് - 39046/- രൂപ

<u>അധിക വിവരങ്ങൾ</u>

എം.ബുക്ക് നം. - 184/22-23

പ്രവൃത്തി മൂല്യം - 122064/-

ബിൽ വിവരം – 3888/02.04.2024

2)കണിച്ചേരിത്തോട് ആഴം കൂട്ടി വശങ്ങൾ ബലപ്പെടുത്തൽ (W

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കയർ ഭൂവസ്ത്രം വിരി ഒരുക്കൽ, ചെളി മണലുപയോഗിച്ച് പ്ലാസ്റ്ററിംഗ് നടത്തൽ ചെയ്യുന്നതിനായുള്ള മനുഷ്യ ദിനങ്ങളാണ് കണക്കാക്കിയ അളവ് ബുക്ക് പ്രകാരവും ഇതേ രീതിയിൽ തന്നെയാണ് പ്രവൃ എന്നാലിവിടെ 400 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്ന ഭൂവസ്ത്രം (73.50/-രൂപ നിരക്കിൽ) വാങ്ങിയിട്ടുള്ളതായി കാണു

400 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ അളവ് - 400 M^2 X 1.05 = 420 M^2 (പരമാവധി എസ്റ്റിമേറ്റ് പ്രകാരം)

നൽകാവുന്ന തുക - 420 M^2 X 73.50 / M^2 = 30870/- രൂപ

നൽകിയ തുക - 450 M^2 X 73.50/ M^2 = 33075/- രൂപ

അധികം നൽകിയത് - 2205/- രൂപ

450 M^2 കയർ ഭൂവസ്ത്രം കട്ട് ചെയ്ത് വിരിക്കുന്നതിനു നൽകിയിട്ടുള്ളത്. ആയത് ക്രമ വിരുദ്ധമാണ്. 420 M^2 വിരി ചാർജ്ജാണ് അനുവദിക്കാവുന്നത്.

നൽകാവുന്ന തുക - 420 M^2 X 85.12 / M^2 = 35750/- രൂപ (പുതുക്കി

നൽകിയ തുക - 450 M^2 X 85.12/ M^2 = 38304/- രൂപ

അധികം നൽകിയത് - 2554/- രൂപ

ആകെ അധികം നൽകിയത് - 4759/- രൂപ

അധിക വിവരങ്ങൾ

എം.ബുക്ക് നം. - 20/24-25

പ്രവൃത്തി മൂല്യം - 111987/-

ബിൽ വിവരം – 1338/02.04.2024

3) ഉപ്പുപുറത്ത്തോട് ആഴം കൂട്ടി വശങ്ങൾ ബലപ്പെടുത്തൽ (FP

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കയർ ഭൂവസ്ത്രം വിരി പ്രതലം ഒരുക്കുന്നതിനും, 240 M^2 ചെളി മണലു ചെയ്യുന്നതിനുമായുള്ള മനുഷ്യ ദിനങ്ങളാണ് കണക്കാക്കിയ അളവ് ബുക്ക് പ്രകാരവും ഇതേ രീതിയിൽ തന്നെയാണ് പ്രവൃ എന്നാലിവിടെ പരമാവധി കയർ ഭൂവസ്ത്രം വിരിക്കാവുന്ന എന്നാൽ ഇതിനായി 500 M^2 കയർ ഭൂവസ്ത്രം വാങ്ങിയിട്ടുള്ളതായി കാണുന്നു.

400 M^2 സ്ഥലത്ത് ഭൂവസ്ത്രം വിരിക്കുന്നതിന് ആവശ്യമായ ക
അളവ് - 400 M^2 X 1.05 = 420 M^2 (പരമാവധി എസ്റ്റിമേറ്റ് പ്രകാരം)

നൽകാവുന്ന തുക - 420 M^2 X 73.50 / M^2 = 30870/- രൂപ

നൽകിയ തുക - 500 M^2 X 73.50/ M^2 = 36750/- രൂപ

അധികം നൽകിയത് - 5880/- രൂപ

500 M^2 കയർ ഭൂവസ്ത്രം കട്ട് ചെയ്ത് വിരിക്കുന്നതിനു
നൽകിയിട്ടുള്ളത്. ആയത് ക്രമ വിരുദ്ധമാണ്. 420 M^2 വിര
ചാർജ്ജാണ് അനുവദിക്കാവുന്നത്.

നൽകാവുന്ന തുക - 420 M^2 X 76.51 / M^2 = 32134/- രൂപ (പഴയ ന

നൽകിയ തുക - 500 M^2 X 76.51/ M^2 = 38255/- രൂപ

അധികം നൽകിയത് -6121/- രൂപ

ആകെ അധികം നൽകിയത് - 12001/- രൂപ

<u>അധിക വിവരങ്ങൾ</u>

എം.ബുക്ക് നം. - 400/21-22

പ്രവൃത്തി മൂല്യം - 92175/-

ബിൽ വിവരം – 2727/ 1.04.2024

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട്
എൻകയറിയ്ക്ക് (നം. 29/16.10.24) മറുപടി ലഭ്യമാക്കിയിട്ട
നൽകിയ 55806/- രൂപ ബന്ധപ്പെട്ട അക്രെഡിറ്റഡ് എഞ്ചിനീയർ
എന്നിവരിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ വിവരം ര

<u>1-30 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു
മെറ്റീരിയൽസ് വാങ്ങൽ - നിയമാനുസൃതം ഈടാക്കേ
ഈടാക്കിയില്ല.</u>

മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ
മെറ്റീരിയൽ വർക്കുകൾക്ക് മെറ്റീരിയൽസ് ലഭ്യമാ
പ്രവൃത്തികൾക്കും പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് മെറ്റീരിയ
എന്നാൽ കരാർ പ്രകാരം സാധനങ്ങൾ സപ്ലൈ ചെയ്തതിന്
ബില്ലിൽ നിന്നും നിയമാനുസൃതം ടി.ഡി.എസ് ആയി കുറ
